കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -ആലപ്പുഴ നഗരസഭ -ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നല്കുന്നതിന് അനുമതി -മുൻ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ്പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 510/2013/തസ്വഭവ തീയതി, തിരുവനന്തപുരം 28-2-2013

പരാമർശം: 1) ആലപ്പുഴ നഗരസഭയുടെ 18/7/2008ലെ നാലാം നമ്പർ തീരുമാനം
2)സ.ഉ.(സാധാ)നം.3516/2010/തസ്വഭവ തീയതി 8/11/2010
3) ആലപ്പുഴ ജില്ലാ കളക്ടറുടെ 3/9/2012 ലെ സി8 69407/09 നമ്പർ കത്ത്

ഉത്തരവ്

ആലപ്പുഴ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുവരുന്ന ആലപ്പുഴ വെസ്റ്റ് വില്ലേജ് ബ്ളോക്ക് 145, സർവെ 80 ൽപ്പെട്ട 1.60ഏക്കർ സ്ഥലം, ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തിക്കൊണ്ട് ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കാൻ, ഭാരതീയ ചികിത്സാ വകുപ്പിനെ അനുവദിക്കുന്നതിന് പരാമർശം(2) പ്രകാരം നഗരസഭക്ക് അനുമതി നല്കി ഉത്തരവായിരുന്നു

അടിസ്ഥാന നികുതി രജിസ്റ്ററിൽ ഭൂമിയുടെ തരം സർക്കാർ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പരാമർശം (2) ലെ ഉത്തരവ് പ്രകാരം ടി സ്ഥലം പഞ്ചകർമ്മ ആശുപത്രിക്ക് കൈമാറാൻ കഴിയുമോയെന്ന് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം(3) പ്രകാരം സ്പഷ്ടീകരണം ആവശ്യപ്പെടുകയുണ്ടായി.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 30-ാം വകുപ്പ് പ്രകാരം സർക്കാർ മുനിസിപ്പാലിറ്റിക്ക് കൈമാറിയ വസ്തു, മുനിസിപ്പാലിറ്റികൾ വിൽക്കുവാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ അല്ലെങ്കിൽ അതിന്മേൽ ബാദ്ധ്യത വരുത്തി വെക്കാനോ മറ്റ് വിധത്തിൽ കൈയൊഴിക്കുവാനോ പാടുള്ളതല്ലെന്ന് 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 12 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 30 പ്രകാരമല്ല ടി സ്ഥലം നഗരസഭക്ക് കൈമാറിയിട്ടുള്ളത്. പുറമ്പോക്കിന്റെ ഉടമസ്ഥത തെളിയിക്കാനുള്ള അടിസ്ഥാനരേഖ റീ സർവെ നടപടിക്ക് ശേഷം റവന്യൂ വകുപ്പ് തയ്യാറാക്കുന്ന അടിസ്ഥാന നികുതി രജിസ്റ്ററാണ്. പ്രസ്തുത സ്ഥലം സർക്കാർ പുറമ്പോക്ക് ( ശ്മശാനം)

എന്നാണ് ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ പുറമ്പോക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നത് കൊണ്ട് അവയുടെ ഉടമസ്ഥാവകാശം പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈവരുന്നില്ല. സർക്കാർ പുറമ്പോക്കുകൾ വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്നത് റവന്യൂവകുപ്പ് മുഖേനെയാണ്.

ഈ സാഹചര്യത്തിൽ ആലപ്പുഴ വെസ്റ്റ് വില്ലേജ് ബ്ളോക്ക് 145, സർവെ 80 ൽപ്പെട്ട സർക്കാർ പുറമ്പോക്കിലെ 1.60 ഏക്കർ സ്ഥലം ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തി ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പിനെ അനുവദിക്കുന്നതിന് ആലപ്പുഴ നഗരസഭക്ക് അനുമതി നല്കിക്കൊണ്ടുള്ള പരാമർശം(2)ലെ ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി സ്ഥലം സർക്കാർ പുറമ്പോക്ക് ആയതിനാൽ സ്ഥലം കൈമാറ്റം സംബന്ധിച്ച ഉത്തരവ് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എ.ആർ.സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
ഡയറക്ടർ,ഭാരതീയ ചികിൽസാ വകുപ്പ് ,ആരോഗ്യഭവൻ,തിരുവനന്തപുരം ,695001
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
ജില്ലാ കളക്ടർ,ആലപ്പുഴ
സെക്രട്ടറി, ആലപ്പുഴ നഗരസഭ,ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
റവന്യൂ (എ)വകുപ്പ്
ആരോഗ്യകുടുംബക്ഷേമ വകുപ്പ്(3595/ഡി1/10/എച്ച്&എഫ് ഡബ്ള്യുഡി പ്രകാരം)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.